LIBRARY ARCHIVES Kerala Legislative Assembly

**മണിചെയിൻ, വിസ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് കേസുകൾ**

177 (2047) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിസാ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് എന്നിവ സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകളിൽ പ്രതികളായ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; എത്രപേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ; വ്യക്തമാക്കുമോ ;

(സി) മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പു നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് 1248 കേസുകളും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 680 കേസുകളും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 75 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ മണി ചെയിനുമായി ബന്ധപ്പെട്ട് 454 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 547 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 33 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ മണി ചെയിനുമായി ബന്ധപ്പെട്ട് 514 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 300 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 68 പേരെയും ഇനിയും അറസ്റ്റ് ചെയ്യേണ്ടതായുണ്ട്.

(സി) മണി ചെയിനുമായി ബന്ധപ്പെട്ട് 1,09,97,30,633 രൂപയുടെയും, 37,59,005 രൂപയുടെ ചെക്കിന്റെയും തട്ടിപ്പു നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത്.

**മുഖംമൂടി ധരിച്ച് ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം**

178 (2048) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 നവംബർ മാസത്തിൽ ചെമ്മനാട് വില്ലേജ് അരമങ്ങാനം ഉല്ലജി സ്വദേശി കമലാക്ഷ എച്ച്. എസ്. എന്ന വ്യക്തിയെ ഫോണിൽ വിളിച്ചു വരുത്തി കോളിയടുക്കം ശിവപുരം ക്ഷേത്രത്തിനു സമീപം മുഖംമൂടി ധരിച്ച് ആക്രമിച്ച് പരുക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; ഇതുവരെ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;